# MALAYALAM

MARK: 40
TIME: 2Hrs

## Question 1

ചുവടെ കൊടുത്തിരിക്കുന്ന വിഷയത്തെ കുറിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക. [5]

മൊബൈൽ ഫോൺ - ഗുണവും ദോഷവും

## Question 2

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചതിനു ശേഷം ഒപ്പമുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഭൂമിയിലെ സകല ജീവജാലങ്ങളേയും കാത്തു രക്ഷിക്കാനായി ഭൂമിയുടെ അന്തരീക്ഷത്തിൽ ഒരു ഭാഗത്ത് ഒരു 'കുട' പ്രകൃതി ഒരുക്കിയിട്ടുണ്ട്. അദൃശ്യമായ ഈ കുടയാണ് ഓസോൺ മേഖല. ഈ മേഖലയിലുള്ള ഓസോൺ വാതകം സൂര്യനിൽ നിന്ന് ഭൂമിയിലേക്ക് വരുന്ന രശ്മികളിലെ മാരകമായ അൾട്രാവയലറ്റ് കിരണങ്ങളെ അരിച്ചു മാറ്റുന്നു. അങ്ങനെ അൾട്രാവയലറ്റ് കിരണങ്ങൾ കുറഞ്ഞ പ്രകാശമാണ് ഭൂമിയിൽ എത്തുന്നത്.

അടുത്തകാലത്ത് ഈ ഓസോൺ മേഖലയിൽ ദ്വാരങ്ങൾ ഉണ്ടായിട്ടുള്ളതായും ഓസോൺമേഖല ശോഷിച്ചു വരുന്നതായിട്ടും കണ്ടെത്തിയിട്ടുണ്ട്. ഇതിനു കാരണം മനുഷ്യനിർമ്മിതമായ ചില വസ്തുക്കൾ ആണ്. റഫ്രിജറേറ്ററുകൾ, സ്പ്രേ തുടങ്ങിയവയിൽ ഉപയോഗിക്കുന്ന ക്ലോറോഫ്ളൂറോ കാർബണുകൾ ഇതിനു ഉദാഹരണങ്ങളാണ്. ഓസോൺപാളി ശോഷിച്ചാൽ കൂടുതലായി അൾട്രാവയലറ്റ് കിരണങ്ങൾ എത്തി അത് ജീവജാലങ്ങളെ നശിപ്പിക്കും..

ചോദ്യങ്ങൾ

(i) അന്തരീക്ഷത്തിൽ കുട എന്തിനാണ് ഒരുക്കിയിട്ടുള്ളത്? [1]

(ii) ഓസോൺ വാതകങ്ങളുടെ പ്രവർത്തനം എന്ത്? [1]

(iii) ഓസോൺ മേഖലയിൽ അടുത്തകാലത്ത് എന്തൊക്കെയാണ് കണ്ടെത്തിയിട്ടുള്ളത്? [1]

(iv) ക്ലോറോഫ്ളൂറോ കാർബണുകൾ എവിടെയെല്ലാമാണ് ഉപയോഗിക്കുന്നത്? [1]

(v) എന്തു സംഭവിച്ചാലാണ് ജീവജാലങ്ങൾ നശിപ്പി ക്കപ്പെടുന്നത്? [1]

## Question 3

ഒറ്റവാക്യത്തിലോ വാക്കിലോ ഉത്തരം എഴുതുക.

(i) വെള്ളപ്പൊക്കത്തിൽ എന്ന കഥ എഴുതിയത് ആരാണ്? [1]

(ii) ആരെ കാണാനാണ് കുചേലൻ പ്രഭാതത്തിൽ യാത്ര പുറപ്പെടാൻ ഇരിക്കുന്നത്? [1]

(iii) സിദ്ധാർത്ഥൻ ആരായിരുന്നു? [1]

(iv) വള്ളിക്കുടിലിനുള്ളിൽ പ്രവേശിച്ചത് ആരാണ്? [1]

(v) 'ജനകീയനായ എഴുത്തുകാരൻ' എന്ന പേരിൽ അറിയപ്പെടുന്ന സാഹിത്യകാരൻ ആരാണ്? [1]

## Question 4

പാഠപുസ്തകത്തിലെ പോലെ പൂരിപ്പിക്കുക .

"പറഞ്ഞതങ്ങനെതന്നെ..............................കൂടാതെ" [3]

## Question 5

അർത്ഥം എഴുതുക. [1]

(i) ആത്മീയം

(ii) ഗമിക്കുക

### Question 6

പര്യായം എഴുതുക. [2]

(i) അവൽ

(ii) ശത്രു

### Question 7

പിരിച്ചെഴുതുക . [1]

(i) കോപിഷ്ഠനായി

(ii) ചെണ്ടക്കാരൻ

### Question 8

നാനാർത്ഥം എഴുതുക. [2]

(i) മലർ

(ii) ഉള്ളം

### Question 9

കുറിപ്പെഴുതുക.

(i) എം ടി വാസുദേവൻ നായർ [2]

(ii) തകഴി ശിവശങ്കരപ്പിള്ള [2]

(iii) വൈക്കം മുഹമ്മദ് ബഷീർ [2]

### Question 10

ഉത്തരങ്ങൾ എഴുതുക.

(i) ശ്രീകൃഷ്ണനെ കാണാൻ കുചേലൻ എന്തെല്ലാം കാഴ്ചകളുമായിട്ടാണ് പോകാൻ ഒരുങ്ങുന്നത്? [2]

(ii) സിദ്ധാർത്ഥന്റെയും ദേവദത്തിന്റെയും തർക്കത്തിന് അന്ത്യം വന്നത് എങ്ങനെ? [2]

(iii) മദ്ദളം അരയിൽ ഉറപ്പിച്ചതിനാൽ ഓടാൻ ബുദ്ധിമുട്ട് തോന്നിയ മദ്ദളക്കാരൻ എന്താണ് ചെയ്തത്? [2]

(iv) ബഷീറിന്റെ കൃതിയിലെ പ്രധാന കഥാപാത്രങ്ങളുടെ പേരെഴുതുക . [2]

(v) തന്റെ അടുത്തുവന്നു വീണ പക്ഷിയെ സിദ്ധാർത്ഥൻ എന്തു ചെയ്തു? [2]

******